പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1681** | **10.03.2020**– ൽ മറുപടിക്ക് |
|---|---|

## കേരള പുനഃസൃഷ്ടിക്കുള്ള വിദേശധനസഹായം ലഭ്യമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രളയം ദുരിതത്തിലാഴ്ത്തിയ കേരളത്തെ പുനഃസൃഷ്ടിക്കാൻ ഏതൊക്കെ വിദേശ രാജ്യങ്ങളിൽ നിന്നും സഹായം ലഭിച്ചു എന്നറിയിക്കാമോ;<br>(ബി) വിദേശഫണ്ട് സ്വീകരിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണ് നേരിടുന്നത് എന്നറിയിക്കാമോ; | (എ) & (ബി) ഏതെങ്കിലും വിദേശ രാജ്യത്തുനിന്ന് കേരളത്തിലെ പ്രളയവുമായി ബന്ധപ്പെട്ട് സാമ്പത്തികസഹായം ലഭിച്ചിട്ടില്ല. അതേസമയം, ലോകബാങ്കിൽനിന്ന് വികസന നയ വായ്പ ലഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽനിന്ന് സഹായം സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. |
| (സി) പ്രളയം തകർത്ത കേരളത്തിന്റെ പുനഃസൃഷ്ടിക്ക് കൂടുതൽ വിദേശ സഹായം ലഭ്യമാക്കുന്നതിനും നവകേരള നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) ലോകബാങ്കിൽനിന്ന് വികസനനയവായ്പയുടെ ആദ്യഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി) രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയുടെ രണ്ടാം ഗഡുവും ജർമൻ ബാങ്കായ കെ.എഫ്. ഡബ്ല്യുവിൽനിന്നുള്ള വായ്പയും സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇത്തരത്തിൽ മുന്നൂറ്റമ്പതോളം മില്യൺ ഡോളർ സഹായം ലഭിക്കുമെന്നാണ് കരുതുന്നത്.<br>കേരളപുനർനിർമാണത്തിന് കൂടുതൽ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അന്താരാഷ്ട്ര, ദേശീയ തലങ്ങളിലുള്ള വിവിധ ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് വികസന കോൺക്ലേവ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് 2019 ജൂലൈയിൽ സംഘടിപ്പിച്ചു. കോൺക്ലേവിൽ വച്ച് കേരളത്തെ വികസന പങ്കാളിയായി ലോകബാങ്ക് പ്രഖ്യാപിക്കുകയുണ്ടായി. പുനർനിർമാണ പരിപാടി |

കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി **നമ്മൾ നമുക്കായി** എന്ന വിപുലമായ ജനസമ്പർക്ക പരിപാടി നടപ്പിലാക്കിവരുന്നു.

കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പല നടപടിക്രമങ്ങളും ലളിതമാക്കിയിട്ടുണ്ട്. പദ്ധതികൾ റീബിൽഡ് കേരളയുടെ ഇംപ്ളിമെന്റേഷൻ കമ്മിറ്റിയുടെ ശുപാർശയോടെ നേരിട്ട് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയിൽ അവതരിപ്പിക്കുകയും സമിതി ശുപാർശ ചെയ്യുന്നവയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. മിക്കവാറും എല്ലാ മാസവും ഉന്നതാധികാര സമിതി ചേരുന്നതിനാൽ കാലവിളംബം കൂടാതെ പദ്ധതികൾ അംഗീകരിക്കുന്നതിനു സാധിക്കുന്നു.

പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി മന്ത്രിസഭായോഗം തത്വത്തിൽ അംഗീകാരം നല്കിയിട്ടുള്ളതും, ഉന്നതാധികാരസമിതിയുടെ പരിശോധനക്ക് വിധേയമായിട്ടുള്ളതുമായ വിവിധ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങളിൽ, സാങ്കേതിക അനുമതി ആവശ്യമില്ലാത്തതോ 10 കോടി രൂപയിൽ താഴെ മാത്രം ചെലവ് വരുന്നതോ ആയ പദ്ധതി നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് വകുപ്പ് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുന്നുണ്ട്. മുഖ്യമന്ത്രി അധ്യക്ഷനായ ഉപദേശകസമിതിയുടെ യോഗങ്ങൾക്കുപുറമേ മുഖ്യമന്ത്രി പ്രത്യേക വിലയിരുത്തൽ യോഗങ്ങളും നടത്താറുണ്ട്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടറിതല യോഗം ചേരുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**